പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4044 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ ശമ്പളം നൽകാനാവാത്ത സാഹചര്യം

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ കെ.എസ്.ആർ.ടി.സി.യ്ക്ക് അതിലെ തൊഴിലാളികൾക്ക് ശമ്പളം നൽകാനാവാത്ത രീതിയിൽ ഗുരുതരമായ സാമ്പത്തിക ത്തകർച്ച പൊടുന്നനെ ഉണ്ടാകാനിടയായ സാഹചര്യത്തിന്റെ സത്യാവസ്ഥ അന്വേഷിച്ചിരുന്നോ; | (എ) | അന്വേഷിച്ചിരുന്നു.<br>ശമ്പളം നൽകാനാവാത്ത അവസ്ഥ പൊടുന്നനെ ഉണ്ടായതല്ല. കഴിഞ്ഞ കുറെ വർഷങ്ങളായി വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. അതോടൊപ്പം, പെൻഷൻ ബാദ്ധ്യതയും ക്ഷാമബത്ത / ക്ഷമാശ്വാസ ചെലവും വർദ്ധിച്ചതിനാലും മിനിമം ചാർജ്ജ് കുറച്ചതിനാലും അപ്രകാരം ചാർജ്ജ് കുറച്ചപ്പോഴേക്കാൾ ഡീസൽ വിലയിൽ വർദ്ധനവ് വന്നതിനാലും പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ സൗജന്യയാത്ര അനുവദിച്ചതിനാലും ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുവാനുള്ള കാലതാമസ്സവും ശമ്പളം, പെൻഷൻ എന്നിവ നല്കുന്നതിൽ കുറച്ച് കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം ഒരു സാഹചര്യം ബോധപൂർവ്വം വരുത്തി വച്ചതിന് കാരണക്കാരായവർ ആരൊക്കെയെന്ന് പരിശോധിക്കുമോ; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഇത്തരം ഒരു സാഹചര്യം ആരും ബോധപൂർവ്വം വരുത്തിവച്ചതല്ല. പിരിവ് (എ)യിൽ സൂചിപ്പിച്ച വിഷയങ്ങൾ ഇപ്പോഴത്തെ ഗുരുതരമായ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ